**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**തിരുവനന്തപുരം - 695033**

നമ്പർ: B2/1/2023-സം.തി.ക.

തീയതി: 31/01/2023

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ.**

ഡിസ്ട്രിക്ട് കളക്ടർ, പാലക്കാട് &
വരണാധികാരി, ഡി 09 പാലക്കാട് ജില്ലാ പഞ്ചായത്ത് (പാലക്കാട് ജില്ല)

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ചിറയിൻകീഴ് &
വരണാധികാരി, ജി 66 കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)

ഡെപ്യൂട്ടി ലേബർ ഓഫീസർ, പുനലൂർ &
വരണാധികാരി, ജി 20 വിളക്കുടി ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, അഞ്ചൽ &
വരണാധികാരി, ജി 30 ഇടമുളക്കൽ ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)

ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്കൽ, കൊല്ലം &
വരണാധികാരി, സി 02 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ (കൊല്ലം ജില്ല)

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, തിരുവല്ല &
വരണാധികാരി, ജി 04 കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട ജില്ല)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുട്ടനാട് ഡവലപ്പ്മെന്റ് സബ് ഡിവിഷൻ, തണ്ണീർമുക്കം &
വരണാധികാരി, ജി 17 തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ചമ്പക്കുളം &
വരണാധികാരി, ജി 27 എടത്വാ ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ ജില്ല)

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ),അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,കാഞ്ഞിരപ്പള്ളി. &
വരണാധികാരി, ജി 63 എരുമേലി ഗ്രാമ പഞ്ചായത്ത് (കോട്ടയം ജില്ല)

അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസർ, കാഞ്ഞിരപ്പള്ളി, പൊൻകുന്നം പി.ഒ. &
വരണാധികാരി, ജി 68 പാറത്തോട് ഗ്രാമ പഞ്ചായത്ത് (കോട്ടയം ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ഉഴവൂർ, കോഴ പി.ഒ, കുറവിലങ്ങാട് &
വരണാധികാരി, ജി 20 കടപ്ലാമറ്റം ഗ്രാമ പഞ്ചായത്ത് (കോട്ടയം ജില്ല)

അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസർ, കുറവിലങ്ങാട് &
വരണാധികാരി, ജി 23 വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് (കോട്ടയം ജില്ല)

താലൂക്ക് സപ്ലൈ ഓഫീസർ, കോതമംഗലം &
വരണാധികാരി, ജി 60 പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് (എറണാകുളം ജില്ല)

എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ &
വരണാധികാരി, ബി 83 തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല)

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റി (ജനറൽ),തലപ്പിള്ളി &
വരണാധികാരി, ജി 12 കടങ്ങോട് ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)

അഗ്രിക്കൾച്ചർ ഓഫീസർ നാഗലശ്ശേരി &
വരണാധികാരി, ജി 01 ആനക്കര ഗ്രാമ പഞ്ചായത്ത് (പാലക്കാട് ജില്ല)

ഡവലപ്പ്മെന്റ് ഓഫീസർ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്, ശ്രീകൃഷ്ണപുരം ബ്ലോക്ക് &
വരണാധികാരി, ജി 25 കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്ത് (പാലക്കാട് ജില്ല)

ഡവലപ്പ്മെന്റ് ഓഫീസർ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്, തൃത്താല ബ്ലോക്ക് &
വരണാധികാരി, ജി 07 തൃത്താല ഗ്രാമ പഞ്ചായത്ത് (പാലക്കാട് ജില്ല)

അഗ്രിക്കൾച്ചർ ഓഫീസർ കാരാകുറിശ്ശി &
വരണാധികാരി, ജി 28 വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് (പാലക്കാട് ജില്ല)

അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസർ, പരപ്പനങ്ങാടി &
വരണാധികാരി, ജി 72 അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)

സൂപ്രണ്ട് ഓഫ് സർവ്വെ & ലാന്റ് റെക്കോർഡ്സ് (റീസർവ്വെ), നിലമ്പൂർ &
വരണാധികാരി, ജി 27 കരുളായി ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)

ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ, തിരൂർ &
വരണാധികാരി, ജി 91 തിരുന്നാവായ ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, സബ് ഡിവിഷൻ, മലപ്പുറം &
വരണാധികാരി, ജി 77 ഊരകം ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)

സീനിയർ സൂപ്രണ്ട്, ഓഫീസ് ഓഫ് ദ അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസർ, മേലടി &
വരണാധികാരി, ജി 28 ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് (കോഴിക്കോട് ജില്ല)

എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, സുൽത്താൻ ബത്തേരി &
വരണാധികാരി, എം 82 സുൽത്താൻ ബത്തേരി മുനിസിപ്പൽ കൗൺസിൽ

(വയനാട് ജില്ല)

ഡിസ്ട്രിക്ട് എഡ്യുക്കേഷൻ ഓഫീസർ, തളിപ്പറമ്പ് &

വരണാധികാരി, എം 85 ശ്രീകണ്ഠപുരം മുനിസിപ്പൽ കൗൺസിൽ (കണ്ണൂർ ജില്ല)

സബ് രജിസ്ട്രാർ, സബ് രജിസ്ട്രാർ ഓഫീസ്, പാനൂർ &

വരണാധികാരി, ജി 81 പേരാവൂർ ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ല)

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ഇരിക്കൂർ &

വരണാധികാരി, ജി 29 മയ്യിൽ ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ല)

സർ,

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പഞ്ചായത്ത്,മുനിസിപ്പാലിറ്റി വാർഡുകളിൽ 2023 ഫെബ്രുവരി 28 (ചൊവ്വ)ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത് – കാര്യപരിപാടി അറിയിക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിലും, മുനിസിപ്പാലിറ്റി വാർഡുകളിലും **2023 ഫെബ്രുവരി 28 (ചൊവ്വ)** -ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടി അനുബന്ധമായി കൊടുത്തിരിക്കുന്നു. പ്രസ്തുത കാര്യപരിപാടി അനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശിക്കുന്നു.

| ക്രമ നം | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പറും പേരും | നിയോജക മണ്ഡലത്തിന്റെ/വാർഡിന്റെ നമ്പരും പേരും | സംവരണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ജി 66 കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് | 12- നിലയ്ക്കാമുക്ക് | ജനറൽ |
| 2 | കൊല്ലം | ജി 20 വിളക്കുടി ഗ്രാമ പഞ്ചായത്ത് | 01 -കുന്നിക്കോട് വടക്ക് | ജനറൽ |
| 3 | കൊല്ലം | ജി 30 ഇടമുളക്കൽ ഗ്രാമ പഞ്ചായത്ത് | 04-തേവർതോട്ടം | ജനറൽ |
| 4 | കൊല്ലം | സി 02 കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ | 03- മീനത്തുചേരി | പട്ടികജാതി |
| 5 | പത്തനംതിട്ട | ജി 04 കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത് | 07-അമ്പാട്ടുഭാഗം | പട്ടികജാതി |
| 6 | ആലപ്പുഴ | ജി 17 തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് | 06- തണ്ണീർമുക്കം | ജനറൽ |
| 7 | ആലപ്പുഴ | ജി 27 എടത്വാ ഗ്രാമ പഞ്ചായത്ത് | 15- തായങ്കരി വെസ്റ്റ് | സ്ത്രീ |
| 8 | കോട്ടയം | ജി 63 എരുമേലി ഗ്രാമ പഞ്ചായത്ത് | 05-ഒഴക്കനാട് | പട്ടികജാതി സ്ത്രീ |
| 9 | കോട്ടയം | ജി 68 പാറത്തോട് ഗ്രാമ പഞ്ചായത്ത് | 09-ഇടക്കുന്നം | ജനറൽ |
| 10 | കോട്ടയം | ജി 20 കടപ്ലാമറ്റം ഗ്രാമ പഞ്ചായത്ത് | 12-വയലാ ടൗൺ | ജനറൽ |
| 11 | കോട്ടയം | ജി 23 വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് | 07-പൂവക്കുളം | പട്ടിക ജാതി |
| 12 | എറണാകുളം | ജി 60 പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് | 11-തായ്മറ്റം | പട്ടികജാതി |
| 13 | തൃശ്ശൂർ | ബി 83 തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് | 04-തളിക്കുളം | സ്ത്രീ |
| 14 | തൃശ്ശൂർ | ജി 12 കടങ്ങോട് ഗ്രാമ പഞ്ചായത്ത് | 14- ചിറ്റിലങ്ങാട് | ജനറൽ |
| 15 | പാലക്കാട് | ജി 01 ആനക്കര ഗ്രാമ പഞ്ചായത്ത് | 07- മലമക്കാവ് | ജനറൽ |
| 16 | പാലക്കാട് | ജി 25 കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്ത് | 17-പാട്ടിമല | ജനറൽ |
| 17 | പാലക്കാട് | ജി 07 തൃത്താല ഗ്രാമ പഞ്ചായത്ത് | 04-വരണ്ടു കുറ്റികടവ് | ജനറൽ |

| | | | | |
|---|---|---|---|---|
| 18 | പാലക്കാട് | ജി 28 വെള്ളിനേഴിഗ്രാമ പഞ്ചായത്ത് | 01-കാന്തള്ളൂർ | സ്ത്രീ |
| 19 | പാലക്കാട് | ഡി 09 പാലക്കാട് ജില്ലാ പഞ്ചായത്ത് | 19-ആലത്തൂർ | ജനറൽ |
| 20 | മലപ്പുറം | ജി 72 അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത് | 07- കുന്നുംപുറം | ജനറൽ |
| 21 | മലപ്പുറം | ജി 27 കരുളായി ഗ്രാമ പഞ്ചായത്ത് | 12- ചക്കിട്ടാമല | പട്ടിക ജാതി |
| 22 | മലപ്പുറം | ജി 91 തിരുന്നാവായ ഗ്രാമ പഞ്ചായത്ത് | 11-അഴകത്തുകളം | ജനറൽ |
| 23 | മലപ്പുറം | ജി 77 ഊരകം ഗ്രാമ പഞ്ചായത്ത് | 05-കൊടലിക്കുണ്ട് | സ്ത്രീ |
| 24 | കോഴിക്കോട് | ജി 28 ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | 15-കക്കറമുക്ക് | സ്ത്രീ |
| 25 | വയനാട് | എം 82 സുൽത്താൻ ബത്തേരി മുനിസിപ്പൽ കൗൺസിൽ | 17-പാളാക്കര | പട്ടിക ജാതി |
| 26 | കണ്ണൂർ | എം 85 ശ്രീകണ്ഠപുരം മുനിസിപ്പൽ കൗൺസിൽ | 23-കോട്ടൂർ | സ്ത്രീ |
| 27 | കണ്ണൂർ | ജി 81 പേരാവൂർ ഗ്രാമ പഞ്ചായത്ത് | 01-മേൽമുരിങ്ങോടി | ജനറൽ |
| 28 | കണ്ണൂർ | ജി 29 മയ്യിൽ ഗ്രാമ പഞ്ചായത്ത് | 08-വള്ളിയോട്ട് | ജനറൽ |

1. 2023 ഫെബ്രുവരി 28 ന് നടത്തുന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം **ഇന്ന് (31/01/2023)** മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
2. മേൽപ്പറഞ്ഞ നിയോജകമണ്ഡലങ്ങളിൽ/വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പുതുക്കിയ സമ്മതിദായക പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിശ്ചിത സമയപരിധിക്കുള്ളിൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ഉടൻ അറിയിക്കേണ്ടതാണ്.
3. തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഫാറം 1 ലുള്ള നോട്ടീസ് **02/02/2023** -ന് ബന്ധപ്പെട്ട വരണാധികാരികൾ ചട്ടപ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അന്നുതന്നെ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.
4. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനും ഉപതിരഞ്ഞെടുപ്പിന്റെ സുഗമവും നീതിപൂർവ്വകവുമായ നടത്തിപ്പിനും ആവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. **28/02/2023** -ന് ഉപതിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ/

വാർഡുകളിൽ തിരഞ്ഞെടുപ്പ് നടപടികൾക്കെതിരെ ഏതെങ്കിലും കോടതി വിധിയോ വിലക്കോ ഇല്ലെന്ന് ഉറപ്പുവരുത്താൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആ വിവരം എത്രയും വേഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്. കൂടാതെ, ഈ അറിയിപ്പ് കിട്ടിയാലുടൻ ബന്ധപ്പെട്ട വരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് വരണാധികാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ ഒരു യോഗം ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഈ യോഗതീയതി കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

5. വരണാധികാരികൾക്ക് സ്വന്തമായി ഓഫീസ് വാഹനമില്ലാത്ത പക്ഷം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ വാഹനം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്ക് അത്യാവശ്യസന്ദർഭങ്ങളിൽ ലഭ്യമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.
6. 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും പ്രകാരം മുനിസിപ്പാലിറ്റി വാർഡുകളിൽ മത്സരിക്കുന്നതിന് നാലായിരം രൂപയും മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ അയ്യായിരം രൂപയും ഗ്രാമപഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ രണ്ടായിരം രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നാലായിരം രൂപയും ജില്ലാ പഞ്ചായത്തിൽ അയ്യായിരം രൂപയും ആണ് സ്ഥാനാർത്ഥികൾ നിക്ഷേപതുകയായി കെട്ടിവയ്ക്കേണ്ടത്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപ്പെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവെയ്ക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്.
7. വരണാധികാരികൾ തിരഞ്ഞെടുപ്പിന് ശേഷം സ്ഥാനാർത്ഥികളുടെ നിക്ഷേപതുക തിരികെ നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നതിന്, കമ്മീഷന്റെ 23/02/2022 ലെ ബി1/39/2021/സം.തി.ക നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിലേയ്ക്ക് നാമനിർദ്ദേശപത്രികയോടൊപ്പം സ്ഥാനാർത്ഥി കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൂടി നിശ്ചിത ഫാറത്തിൽ (ഫാറം എൻ 42) രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.
8. സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി മുനിസിപ്പാലിറ്റി വാർഡുകളിൽ 75000/- രൂപയും മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ 1,50,000/- രൂപയും ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 25,000/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 75,000/- രൂപയും, ജില്ലാപഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ 1,50,000/- രൂപയുമാണെന്ന വിവരത്തിന് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്.
9. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 86-ാം വകുപ്പ്/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 142-ാം വകുപ്പ് അനുസരിച്ച് തിരഞ്ഞെടുപ്പ് ചെലവുകണക്ക് സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥികളുടെ വിവരവും, 1995-ലെ കേരള പഞ്ചായത്ത് രാജ്

(തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം / കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം അനുസരിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ (യഥാക്രമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ജില്ലാ കളക്ടറും) റിപ്പോർട്ടും, sec.kerala.gov.in സൈറ്റിൽ ഓൺലൈനിലൂടെയും നേരിട്ടും യഥാസമയം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ് :

1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖകത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ), തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ.
4. നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം, കോഴിക്കോട്.
5. ജോയിൻ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ.
6. ബന്ധപ്പെട്ട ഉപവരണാധികാരികൾക്കും പഞ്ചായത്ത്, നഗരസഭാ സെക്രട്ടറിമാർക്കും (ജില്ലാകളക്ടർ മുഖേന)
7. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (ബന്ധപ്പെട്ട സെക്ഷനുകൾ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ്)
8. സ്റ്റാന്റിംഗ് കൗൺസിൽ, സം.തി.ക
9. എ2, എ4. ബി5 സെക്ഷനുകൾ, സം.തി.ക (ഫണ്ട് അനുവദിക്കുന്നതിനും തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്നതിനും)
10. പബ്ലിക്ക് റിലേഷൻസ് ഓഫീസർ, സം.തി.ക (പത്രക്കുറിപ്പ് നൽകുന്നതിനായി)
11. കമ്മീഷണറുടെ പി.എസ്./ സി.എ / സെക്രട്ടറിയുടെ സി.എ,
12. കംമ്പ്യൂട്ടർ പ്രോഗ്രാമർ, സം.തി.ക, ഫയൽ /സ്റ്റോക്ക് ഫയൽ.

'ജനഹിതം' ,റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : 0471-2325048 (Administration), 2337884 (Election)
e-mail:cru.sec@kerala.gov.in, electionker@gmail.com
website:www.sec.kerala.gov.in

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**ഉപതിരഞ്ഞെടുപ്പ് (28.02.2023)**

**കാര്യപരിപാടി**

| | |
|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | : 2023 ഫെബ്രുവരി 2 (വ്യാഴം) |
| നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | : 2023 ഫെബ്രുവരി 9 (വ്യാഴം) |
| നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : 2023 ഫെബ്രുവരി 10 (വെള്ളി) |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | : 2023 ഫെബ്രുവരി 13 (തിങ്കൾ) |
| ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും സമയവും | : 2023 ഫെബ്രുവരി 28 (ചൊവ്വ) സമയം രാവിലെ 7 മുതൽ വൈകുന്നേരം 6 മണി വരെ |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി | : 2023 മാർച്ച് 1 (ബുധൻ) രാവിലെ 10 മണി മുതൽ |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | : 2023 മാർച്ച് 2 (വ്യാഴം) |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനുള്ള അവസാന തീയതി | : 2023 മാർച്ച് 30 (വ്യാഴം) |

എ.സന്തോഷ്

സെക്രട്ടറി